(ജി) 1. ആസൂത്രണത്തിന്റെ ആദ്യവർഷത്തിൽ പ്രോജക്ടുകളും പദ്ധതിരേഖകളും തയ്യാറാക്കുന്നതിലുണ്ടായ ന്യൂനതകൾ വലിയ പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2. ആസൂത്രണത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപ്പു വർഷത്തിൽ നാലാം വാർഷിക പദ്ധതി, സാമ്പത്തികവർഷത്തിന്റെ ആരംഭത്തിൽതന്നെ അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്രഥമ വർഷത്തിൽ സമയബന്ധിതമായ പദ്ധതിനിർവ്വഹണം പൂർത്തിയാക്കുന്നതിന് കഴിഞ്ഞില്ല. എന്നാൽ ഇത്തരത്തിലുള്ള അപാകതകളെല്ലാം ദൂരീകരിച്ച് നടപ്പുവർഷത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്. ഇപ്രകാരം ജനകീയാസൂത്രണത്തിലും പദ്ധതിനിർവ്വഹണത്തിലും ഗണ്യമായ പുരോഗതി കൈവരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിലയിരുത്തൽ.

(എച്ച്) ഇപ്പോൾ ഉദ്ദേശ്യമില്ല.

330 (1523) ജനകീയാസൂത്രണ പദ്ധതികൾക്ക് നീക്കിവച്ച തുകയുടെ വിനിയോഗം

ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഓരോ മുനിസിപ്പൽ കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും 1997-98, 1998-99 വർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതികൾക്കു നീക്കിവച്ച തുകയിൽനിന്നും തുടർന്നുള്ള വർഷങ്ങളിൽ വർക്കുകൾ നടത്തുന്നതിനോ സേവനങ്ങളോ സാധനങ്ങളോ ലഭ്യമാക്കുന്നതിനോ ആയി വൈദ്യുതി ബോർഡ്, ഹൗസിംഗ് ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും എന്തു തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതം വിനിയോഗിച്ചു;

(ഡി) തുക പൂർണ്ണമായും വിനിയോഗിക്കാതിരുന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

331 (1524) ജനകീയാസൂത്രണ പദ്ധതികൾക്ക് കേന്ദ്രം നൽകുന്ന തുകയുടെ വിനിയോഗം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly